# വിവരാവകാശ നിയമങ്ങൾ മാറ്റുരയ്ക്കപ്പെടുമ്പോൾ

അറിയാനുള്ള ആഗ്രഹം മനുഷ്യസഹജമാണ് വിവരങ്ങൾ പരസ്പരം അറിഞ്ഞും അറിയിച്ചുമാണ് മാനവരാശി പുരോഗമിച്ചത്. അറിയാനുള്ള അഗ്രഹം നിഷേധിക്കപ്പെടുന്നത് പ്രതിഷേധാർഹവും നിരാശാജനകവുമാണ്. ക്ഷേമരാഷ്ട്രത്തിന്റെ പ്രാഥിമക കർത്തവ്യങ്ങളിലൊന്നാണ് ഭരണരംഗങ്ങളിൽ അറിവുള്ള പൗരൻമാരെ വാർത്തെടുക്കൽ. പൊതുജനങ്ങളിൽ നിന്ന് ഇനി ഏറെക്കാലം വിവരങ്ങൾ മറച്ചുവയ്ക്കാനാവില്ല എന്ന തിരിച്ചറവിന്റെ പരിണതഫലമാണ് വിവിധ രാജ്യങ്ങളിൽ പ്രാബല്യത്തിൽ വന്നുകൊണ്ടിരിക്കുന്ന വിവരാവകാശ നിയമങ്ങൾ ഇൻഡ്യ 2005 ൽ നടപ്പിലാക്കിയ വിവരാവകാശ നിയമം ഇതര രാജ്യങ്ങളിൽ സമാന നിയമങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ മികച്ചതാണെന്ന് പരക്കെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

ലോകത്ത് ഇന്ന് 79 ലേറെ രാജ്യങ്ങൾ തങ്ങളുടെ പൗരൻമാർക്ക് വിവരാവകാശം നൽകിയിട്ടുണ്ട്. ഈ നിയമങ്ങളുടെയെല്ലാം അടിസ്ഥാന ലക്ഷ്യം സുതാര്യതയും ഉത്തരവാദിത്വവും ബഹുജനപങ്കാളിത്വവുമൊക്കെയാണെങ്കിലും പ്രായോഗിക തലത്തിൽ ഇവയെല്ലാം തമ്മിൽ ചെറിയ വൈവിധ്യങ്ങളുണ്ട്. നമ്മുടെ വിവരാവകാശ നിയമത്തിലെ ചില വ്യവസ്ഥകൾ ഇതര രാജ്യങ്ങളിലെ തതുല്യമായ വ്യവസ്ഥകളുമായി താരതമ്യം ചെയ്യുമ്പോൾ ശ്രദ്ധിക്കപ്പെടാവുന്ന വ്യത്യാസങ്ങളിലേയ്ക്ക് ഒന്ന് നോക്കാം

| നമ്മുടെ നിയമത്തിൽ | അവരുടെ നിയമപ്രകാരം | |
|---|---|---|
| ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അപേക്ഷകരെ മാത്രമേ ഫീസിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളൂ. | അമേരിക്ക | മാധ്യമങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപന ങ്ങൾക്കും ആദ്യത്തെ 100 പേജ് വിവരങ്ങൾ സൗജന്യമാണ് |
| വിവരങ്ങൾക്കായി അപേക്ഷി ക്കുമ്പോൾ അപേക്ഷകന്റെ ഉദ്ദേ ശ്യം വെളിപ്പെടുത്തേണ്ടതില്ല | ഫിൻലാന്റ് | വ്യക്തിപരമായ വിവരങ്ങൾ ആവശ്യപ്പെ ട്ടാൽ അപേക്ഷന്റെ ഉദ്ദേശ്യം വെളിപ്പെ ടുത്തണം |
| അപേക്ഷകന് നോട്ട്ഫയലിന്റെ യും ഡ്രാഫ്റ്റിന്റെയും പകർപ്പ് നൽകുന്നു. | ജർമ്മനി | ഡ്രാഫ്റ്റോ നോട്ടോ അപേക്ഷകന് ലഭിയ്ക്കില്ല |
| വിവരങ്ങൾക്കായി വാക്കാലും | ഗ്രീസ് | അപേക്ഷ രേഖാമൂലം തന്നെ |

| | | |
|---|---|---|
| അപേക്ഷിക്കാം | | ആയിരിക്കണം |
| രേഖകളുടെ കാലപ്പഴക്കം പരിഗണിക്കുന്നില്ല. | അയർലാന്റ് | 1990 നു ശേഷമുള്ള പ്രമാണങ്ങളേ ലഭിയ്ക്കുകയുള്ളൂ. |
| ഇൻഡ്യൻ പൗരൻമാർക്കു മാത്രമേ ലഭിയ്ക്കുകയുള്ളൂ | ഇസ്രയേൽ | ഇസ്രയേലപൗരൻമാരല്ലാത്തവർക്കും വിവരങ്ങൾ ലഭിയ്ക്കാൻ അവകാശമുണ്ട്. |
| കമ്പനികളുടെ പേരിൽ അപേക്ഷിക്കാനാവില്ല | ജപ്പാൻ | പൗരൻമാരല്ലാത്തവർക്കും കമ്പനികൾക്കും വിവരങ്ങൾ ലഭിയ്ക്കാൻ അവകാശമുണ്ട്. |
| ഉദ്ദേശ്യം വെളിപ്പെടുത്തേണ്ട | ദക്ഷിണ കൊറിയ | ഉദ്ദേശ്യം വെളിപ്പെടുത്തണം |
| .അപേക്ഷകന് അഡ്രസ് ഉണ്ടായിരിക്കണം | നോർവെ | അപേക്ഷകന് പേരു വെളിപ്പെടുത്താതെയും അപേക്ഷിക്കാം |
| രാഷ്ട്രീയ പാർട്ടികൾ പരിധിയിൽ വരുന്നില്ല. | പോളണ്ട് | രാഷ്ട്രീയ പാർട്ടികളും പരിധിയിൽ വരുന്നു. |
| വിവരങ്ങൾ നൽകുന്നതിനായി പരമാവധി 30 ദിവസങ്ങൾ വരെ എടുക്കാവുന്നതാണ് | പോർച്ചുഗൽ | അപേക്ഷ ലഭിച്ച് 10 ദിവസങ്ങൾക്കകം നടപടിക്രമങ്ങൾ അറിയിരിച്ചിരിക്കണം |
| * പ്രൈവറ്റ് സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വിവര ങ്ങൾ നേരിട്ട് ലഭിയിക്കില്ല.<br>* പിഴ മാത്രമേയുള്ള<br>* തടവു ശിക്ഷ ഇല്ല. | ദക്ഷിണ ആഫ്രിക്ക | പ്രൈവറ്റ് സ്ഥാപനങ്ങളുടെ കൈവശത്തി ലുള്ള വിവരങ്ങളും അപേക്ഷകന് ലഭിയ് ക്കുന്നതാണ്. നിയമം നടപ്പാക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് തടവു ശിക്ഷ നൽകാനും വ്യവസ്ഥയുണ്ട്. |
| എല്ലാ ദേശീയ ബാങ്കുകളും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരും | സ്വീറ്റ്സർലാന്റ് | സ്വിസ് നഷണൽ ബാങ്കുകളെയും ഫെ ഡറൽ കമ്മീഷണൻ ഓൺ ബാങ്കുക ളെയും ഒഴിവാക്കിയിട്ടുണ്ട് |
| ലഭിയ്ക്കുന്ന വിവരങ്ങൾ എന്ത് ആ വ ശ്യ ങ്ങ ൾ ക്ക ു ം ഉപയോഗിക്കാം | ബൽജിയം | ലഭിയ്ക്കുന്ന പ്രമാണങ്ങൾ കച്ചവട ആവശ്യ ങ്ങൾക്കായി ഉപയോഗിക്കുവാൻ പാടില്ല. |
| കമമീഷന്റെ ഉത്തരവിന് ബാധ്യസ്ഥയുണ്ട് | കാനഡ | കമ്മീഷന്റെ ഉത്തരവിന് ബാധ്യസ്ഥത ഇല്ല |
| * എന്ത് ആവശ്യത്തിനായാലും വിവരങ്ങ ൾക്ക് ഫീസ് | എസ്റ്റോണിയ | * റിസർച്ച് ആവശ്യങ്ങൾക്കാണ് |

| | | |
|---|---|---|
| നൽകണം<br>* അപേക്ഷ സാധാരണ തപാലായും അയയ്ക്കാം<br>* നടപടിക്രമങ്ങൾ പൂർത്തീകരി ക്കാൻ 30 ദിവസങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ട് | | വിവര ങ്ങൾ ചോദിക്കുന്ന തെങ്കിൽ ഫീസിൽ നിന്ന് ഒഴിവാക്കികൊടുക്കുന്നതാണ്.<br>* അപേക്ഷ രജിസ്റ്റേർഡായി സമർപ്പിക്കണം.<br>* 5 ദിവസത്തിനകം നടപടിക്രമങ്ങൾ പൂർത്തീകരിച്ചിരിക്കണം |
| നിയമവിരുദ്ധമായി വിവരങ്ങൾ തടഞ്ഞുവയ്ക്കുകയോ തെറ്റായ വിവരങ്ങൾ നൽകു കയോ ചെയ്യുന്ന ഉദ്യോഗ സ്ഥന്റേ ശമ്പളം തടഞ്ഞു വെയ്ക്കുന്നതിന് വ്യവസ്ഥയില്ല. | ഇക്വഡോർ | നിയമവിരുദ്ധമായി വിവരങ്ങൾ തടഞ്ഞുവയ്ക്കുകയോ തെറ്റാ യ വിവരങ്ങൾ നൽകു കയോ ചെയ്യുന്ന ഉദ്യോഗ സ്ഥന്റേ ഒരു മാസത്തെ ശമ്പളം ഫൈനായി ഇടാക്കുകയോ ഒരു മാസത്തെ ശമ്പളം നൽകാതിരി ക്കുകയോ ചെയ്യുന്നു. |
| മനപ്പൂർവ്വം വിവരങ്ങൾ നൽകാതിരിക്കുകയോ നൽകുന്നതിന് തടസ്സം ഉണ്ടാക്കുകയോ ചെയ്യുന്ന വ്യക്തിക്കെതിരെ ക്രിമനിൽ നടപടി എടുക്കാൻ വ്യവസ്ഥയില്ല. | ഡൊമിനിക്കൻ റിപ്പബ്ളിക് | മനപ്പൂർവ്വം വിവരങ്ങൾ നൽകാതിരിക്കുകയോ നൽകുന്നതിന് തടസ്സം ഉണ്ടാക്കുകയോ ചെയ്യുന്ന വ്യക്തിക്കെതിരെ ക്രിമിനൽ കേസ് സ്വികരിക്കുന്നു. 2 മുതൽ 5 വർഷം വരെ തടവ് ശിക്ഷയയും 5 വർഷത്തോളം സർവ്വീസിൽ നിന്ന് വിലക്ക് കൽപ്പിക്കപ്പെടുകയും ചെയ്യുന്നു. |
| 30 ദിവസത്തിനകം നടപടിക്രമങ്ങൾ പൂർത്തിയായിരിക്കണം. ഇടക്കാല മറുപടി ആവശ്യമില്ല. | ഡെൻമാർക്ക് | അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം വിവരം നൽകേണ്ടതാണ്. ഇല്ലെങ്കിൽ വൈകുന്നതിനുളള കാരണം അപേക്ഷകനെ അറിയിച്ചിരിക്കണം |
| തിരച്ചീൽ ഫീസ് ഇല്ല | ചെക്ക് റിപ്പബ്ളിക് | വിവരങ്ങൾ തിരയുന്നതിനായി ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട് |
| ഒിവരങ്ങൾ നൽകാൻ പരമാവധി 30 ദിവസങ്ങൾ വരെ എടുക്കാവുന്നതാണ് | അർമീനിയ | രേഖാമൂലം ആവശ്യപ്പെട്ടാൽ അഞ്ചുദിവസത്തിനകവും വാക്കാലാണ് ചോദിക്കുന്ന തെങ്കിൽ ഉടൻ തന്നെയും മറുപടി നൽകണം |

| | | |
|---|---|---|
| വിവരങ്ങൾ പരിശോധിച്ച് മനസ്സിലാക്കുന്നതിനും ഫീസുണ്ട് | അർജ്ജന്റീന | വിവരങ്ങളുടെ പകർപ്പിനേ ഫീസ് നൽകേണ്ടതുള്ളൂ. പരി ശോധിച്ച് മനസ്സിലാക്കു ന്നതിന് ഫീസില്ല |
| നൽകാനാവത്ത വിവരങ്ങളെ ക്കുറിച്ച് നിയമത്തിൽ തന്നെ പറയുന്നുണ്ട്. മറ്റു നിയമങ്ങൾ വിവരങ്ങൾ നൽകുന്ന തിൽ തടസ്സമാകാനും പാടില്ല. | അൽബേനിയ | നൽകാനാവത്ത വിവരങ്ങളെ ക്കുറിച്ച് നിയമത്തിൽ പറയു ന്നില്ല. എന്നാൽ മറ്റ് ഏതെ ങ്കിലും നിയമങ്ങൾ പ്രകാരം വിവരങ്ങൾ നൽകുന്നതിൽ നിന്ന് വിലക്കിയിട്ടുള്ള വിവരങ്ങൾ ലഭിക്കുകയില്ല. |

ഒരു രാജ്യത്ത് എത് നിയമവ്യവസ്ഥയാണ് നിലനിൽക്കേണ്ടതെന്ന് അന്തിമമായി തീരുമാനിക്കപ്പെടുന്നത് അവിടത്തെ ജനങ്ങളാലാണ്. ഏതു നിയമനിർമ്മാണവും അവ നടപ്പിലാക്കുന്ന പ്രദേശങ്ങളുടെ സാഹചര്യങ്ങൾക്ക് അനുചിതമായിട്ടായിരിക്കണം നടത്തേണ്ടത്. അതിനാൽ വിവിധ രാജ്യങ്ങളിലെ നിയമവ്യവസ്ഥകളിൽ കാണപ്പെടുന്ന വൈവിധ്യങ്ങൾ ഒരു സാധാരണ പ്രതിഭാസം മാത്രമാണ്.. ഒരു രാജ്യത്തിലെ നിയമം അതേപടി മറ്റൊരു രാജ്യത്ത് നടപ്പിലാക്കുവാൻ സാധിക്കുകയില്ല. അങ്ങനെ ശ്രമിക്കുന്നത് ആശാവഹവുമായിരിക്കില്ല. നിയമങ്ങൾ കാലാനുസൃതമായി നവീകരിക്കപ്പെട്ടുകൊണ്ടിരിക്കും അനുചിതമല്ലാത്ത വ്യവസ്ഥകളെ കാലം ചവറ്റുകൊട്ടയിലേക്കിടും. എതു ദുഷിച്ച നിയമങ്ങളും ഇല്ലാതാക്കാനുള്ള എളുപ്പവഴി അത് നിർബന്ധമായി നടപ്പിലാക്കാൻ ശ്രമിക്കുക എന്നുള്ളതാണ് എന്ന് എബ്രഹാം ലിങ്കൺ പറഞ്ഞത് ഇവിടെ സ്മരണീയമാണ്.

ലളിത് ബാബു

സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ

പാല